# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2127** — **11/06/2018-ൽ മറുപടിക്ക്**

## നിപ വൈറസ് - സോഷ്യൽ മീഡിയ വഴിയുള്ള കുപ്രചരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയ വഴി അടിസ്ഥാന രഹിതവും തെറ്റിദ്ധാരണയും ഭീതിയും പരത്തുന്നതുമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇപ്രകാരം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളും മറ്റ് ആരോഗ്യ ശീലങ്ങളും സംബന്ധിച്ച് അടിസ്ഥാന രഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | ബി) | ആഭ്യന്തര വകുപ്പ് കേസെടുത്ത് അന്വേഷണം നടത്തിവരുന്നു. |
| സി) | ഇത്തരത്തിൽ അശാസ്ത്രീയ വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിനും ശാസ്ത്രീയ വിശകലനം നൽകുന്നതിനും ആരോഗ്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | അശാസ്ത്രീയ വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിനും ശാസ്ത്രീയ വിശകലനം നൽകുന്നതിനും ആരോഗ്യവകുപ്പ് വിശദമായ പത്രക്കുറിപ്പുകളും മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണവും നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**